പ്പെട്ടിട്ടുണ്ട്. അതിനാൽ പ്രത്യേകമായ പരിശീലനം കൊടുക്കുന്ന ഏർപ്പാട്ചെയ്തുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

7 (*456) വ്യാജ പരസ്യങ്ങൾ നൽകി വിപണിയിൽ ഇറങ്ങുന്ന ആയുർവേദ മരുന്നുകൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പരസ്യങ്ങൾ നൽകി രോഗികളെ ആകർഷിക്കുന്ന ആയുർവേദ മരുന്നുകൾ വിപണിയിൽ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(സി) ഇവയുടെ നിർമ്മാണവും വിതരണവും പരിശോധിച്ച് നടപടി എടുക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) വ്യാജ പരസ്യങ്ങൾ നൽകി വിതരണം നടത്തുന്ന ആയുർവേദ മരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്.

(ബി) വ്യാജ പരസ്യങ്ങൾ നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിശദവിവരം അനുബന്ധം† ആയി ചേർത്തിരിക്കുന്നു.

(സി) ആയുർവേദ മരുന്നുകൾ വിൽപ്പനയ്ക്കായി നിർമ്മിക്കുന്നതിന് 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ട് അനുസരിച്ച് ഡ്രഗ്സ് കൺട്രോളറുടെ ലൈസൻസ് ആവശ്യമാണ്. ലൈസൻസ് അനുവദിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ആയുർവേദ വിഭാഗം ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ മരുന്ന് നിർമ്മാണ യൂണിറ്റുകളിലെ സംവിധാനം, സാങ്കേതിക വിദഗ്ദ്ധന്റെ സേവന ലഭ്യത എന്നിവ പരിശോധിച്ച് മരുന്നുകൾ അംഗീകൃത യോഗാവലികളനുസരിച്ചുള്ളവയാണെന്നും അവയിൽ ഉപയോഗിക്കുന്ന ഘടകങ്ങൾ അംഗീകൃത യോഗങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളവയാണെന്നും നിർദ്ദിഷ്ട ഫോർമുല ശരിയായ രീതിയിലുള്ളതാണ് എന്നുമുള്ള വസ്തുതകൾ ഉറപ്പുവരുത്തുന്നുണ്ട്. വിൽപ്പനശാലകളും വിതരണ കേന്ദ്രങ്ങളും നിയന്ത്രിക്കുന്നതിന് പ്രത്യേക സംവിധാനമൊന്നും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ നിലവിലില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വ്യാജ പരസ്യങ്ങൾ നൽകി മരുന്ന് വിതരണം നടത്തിയ പത്ത് കമ്പനികൾക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. അവയെ സംബന്ധിച്ച വിശദ വിവരം അനുബന്ധം 2† ആയി ചേർത്തിരിക്കുന്നു.

8 (*457) പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിന് നൂതനമായ സ്രോതസുകൾ

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിന് നൂതനമായ സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സൗരോർജ്ജം വൈദ്യുതി പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(ഡി) കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന എത്ര കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഈ മേഖലയിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ ഇ.കെ. നായനാർ) :

(എ) ഉണ്ട്

(ബി) സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള 25 കിലോ വാട്സിന്റെ ഒരു പദ്ധതി കേരളത്തിൽ ആദ്യമായി സ്ഥാപിച്ചു കഴിഞ്ഞു. ജൈവ വസ്തുക്കളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ, അത്തരം ജൈവ വസ്തുക്കളുടെ അധിക ലഭ്യത അറിയാനുള്ള പഠനം മൂന്ന് ബ്ലോക്കുകളിൽ ഇതിനകം നടത്തിക്കഴിഞ്ഞു. തളിപ്പറമ്പ്, ഹോസ്ദുർഗ്ഗ്, കോഴിക്കോട് എന്നീ മൂന്ന് താലൂക്കുകളിലുംകൂടി ഏതാണ്ട് 20 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ ജൈവ വസ്തുക്കളുടെ ലഭ്യതയുണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ സ്ഥാപിക്കാൻ അനുയോജ്യമായ പ്രദേശങ്ങൾ സർവ്വേ നടത്തി കണ്ടെത്തിയിട്ടുണ്ട്. മനുഷ്യ വിസർജ്ജ്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരം സെൻട്രൽ ജയിലിൽ ആവിഷ്ക്കരിച്ചുവരുന്നു.

(സി) 25 കിലോവാട്ട് പദ്ധതിക്ക് അനുമതി ലഭിച്ചു. അത് പൂർത്തിയായി.

(ഡി) ഇരുപത്തിയൊന്നു കേന്ദ്രങ്ങളിൽ പഠനം നടത്തിയിട്ടുണ്ട്. ഇതിൽ പത്ത് കേന്ദ്രങ്ങൾ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കഞ്ചിക്കോട് എന്ന സ്ഥലത്ത് 2.025 മെഗാവാട്ടിന്റെ ഒരു പ്രോജക്ട് കേരള ഇലക്ട്രിസിറ്റി ബോർഡ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly